**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

**വിജ്ഞാപനം**

**പി.ജി. ഹോമിയോ കോഴ്സുകളിലേക്കുള്ള പ്രവേശനം-2024**
**ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്.**

സംസ്ഥാനത്തെ പി.ജി. ഹോമിയോ കോഴ്സുകളിലേക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി പ്രോസ്പെക്ടസ് ക്ലോസ് 5.6 പ്രകാരം മെഡിക്കൽ ബോർഡ് നടത്തേണ്ടതുണ്ട്. ഭിന്നശേഷി വിഭാഗക്കാർക്കുള്ള പ്രസ്തുത മെഡിക്കൽ ബോർഡ് 03.10.2024, **രാവിലെ 10.30 ന് തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ** വച്ച് നടത്തുന്നു.

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖേന 01-10-2024ന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ പി.ജി കോഴ്സുകളിലെ ഭിന്നശേഷി വിഭാഗം സീറ്റുകളിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Arun S Nair
Date: 26-09-2024 19:25:24

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26-09-2024